## കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം- ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ശ്രീ. അരുൺരംഗൻ ഫയൽ ചെയ്ത OA (EKM) No. 2844/2017 ഉത്തരവ് - നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

### തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്

സ.ഉ.(സാധാ) നം.47/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 07/01/2019

പരാമർശം : ശ്രീ. അരുൺരംഗൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA (EKM) No. 2844/2017 അപേക്ഷയിന്മേലുള്ള 05/09/2018 ലെ ഉത്തരവ്.

### <u>ഉത്തരവ്</u>

ആലുവ നഗരസഭാ സെക്രട്ടറി ശ്രീ അരുൺ രംഗനെതിരെ ഇലക്ഷൻ ആവശ്യത്തിനായി വാഹനം ആവശ്യപ്പെട്ടിട്ടും വാഹനം ലഭ്യമാക്കിയില്ല എന്ന് ജില്ലാ ഇലക്ഷൻ ഓഫീസറും ജില്ലാ കളക്ടറുമായിരുന്ന ആലപ്പുഴ ജില്ലാ കളക്ടർ സർക്കാരിന് റിപ്പോർട്ട് ലഭ്യമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് സർക്കാരിലേയ്ക്ക് 02.05.2016-ൽ കത്ത് നൽകിയിരുന്നു. അതിന്റെ ഭാഗമായി ടിയാനെതിരെ കടുത്ത ശിക്ഷയ്ക്കുള്ള അച്ചടക്ക നടപടി സ്വീകരിക്കുകയും, കെ.സി.എസ് (സി.സി.എ) റൂളിന്റെ ചട്ടം 15 പ്രകാരം കുറ്റാരോപണ പത്രിക നൽകി അച്ചടക്ക നടപടി തുടങ്ങി വച്ചു. ശ്രീ.അരുൺ രംഗന്റെ എതിർവാദ പത്രികയിന്മേൽ നഗരകാര്യ ഡയറക്ടറുടെയും, നഗരകാര്യ ജോയിന്റ് ഡയറക്ടറുടെയും റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. ഈ റിപ്പോർട്ടുകൾ പരിശോധിച്ചതിൽ ടിയാൻ ഗുരുതരമായ കൃത്യ വിലോപം നടത്തിയതായി കണ്ടെത്തിയതിനാൽ ശ്രീ അരുൺ രംഗനെതിരെ കടുത്ത ശിക്ഷയ്ക്കുള്ള അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി കെ.സി.എസ് (സി.സി.എ) റൂളിന്റെ ചട്ടം 15 പ്രകാരം രണ്ടാമതും വിശദമായ കുറ്റാരോപണ പത്രിക നൽകുകയുണ്ടായി.

മേൽ നടപടിക്കെതിരെ ടിയാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ OA.No (EKM) No. 2844/2017 ആയി കേസ് ഫയൽ ചെയ്യുകയും 05/09/2018 ബഹു. ട്രിബ്യൂണൽ വിധി പുറപ്പെടുവിക്കുകയും ചെയ്തു. ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ രണ്ടാമത് നൽകിയ കുറ്റാരോപണ പത്രിക റദ്ദ് ചെയ്യുകയും പ്രസ്താവിക്കുകയും ചെയ്തു. വിധിയിലെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു:

**"The second respondent shall take a decision as to whether the disciplinary proceedings initiated as per Annexure A12 has to be proceeded with in the light of Annexures A14 and A15 reports by the Regional Joint Director and the Director of Urban Affairs respectively".**

നഗരകാര്യ ഡയറക്ടറുടേയും റീജിയണൽ ജോയിന്റ് ഡയറക്ടറുടേയും റിപ്പോർട്ട്. ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധിന്യായം എന്നിവ സർക്കാർ വിശദമായി പരിശോധിച്ചു. ശ്രീ അരുൺ രംഗൻ ഇലക്ഷൻ ആവശ്യത്തിനായി വാഹനം ആവശ്യപ്പെട്ടിട്ടും വാഹനം ലഭ്യമാക്കാതെ പ്രവർത്തിച്ചത് ഇലക്ഷന്റെ സുഗമമായ നടത്തിപ്പിന് വിഘാതം സൃഷ്ടിക്കുന്ന പ്രവർത്തിയാണ്. ഇലക്ഷൻ സമയത്ത് ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യയുടെ നിയന്ത്രണത്തിലുള്ള ജില്ല കളക്ടറുടെയും ഇലക്ഷൻ ഓഫീസർ കൂടിയായ ജില്ല മജിസ്ട്രേറ്റിന്റെയും ഉത്തരവ് പാലിക്കുന്നതിൽ വീഴ്ച വരുത്തിയത് ഇലക്ഷൻ നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുന്ന പ്രവർത്തിയാണ്. മേലുദ്യോഗസ്ഥരുടെ ഉത്തരവുകൾ പാലിക്കുന്നതിൽ ഗുരുതരവും മനഃപ്പൂർവ്വവുമായ കൃത്യവിലോപവും ഉത്തരവാദിത്തമില്ലായ്മയും കാണിച്ചു എന്ന് കണ്ടെത്തിയതിനാൽ, ടിയാനെ അച്ചടക്ക നടപടിയിൽ നിന്നും ഒഴിവാക്കണമെന്ന നഗരകാര്യ ഡയറക്ടറുടേയും റീജിയണൽ ജോയിന്റ് ഡയറക്ടറുടേയും റിപ്പോർട്ട് പരിഗണിക്കുകയും ശ്രീ അരുൺ രംഗനെതിരെ ആരംഭിച്ച അച്ചടക്ക നടപടിയിൻ മേൽ തുടർനടപടിയുമായി മുന്നോട്ട് പോകുന്നതിന് തീരുമാനിച്ചു. ഇപ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 05/09/2018 ലെ വിധി നടപ്പാക്കി ഉത്തരവാകുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**റ്റി.കെ.ജോസ് ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, കേരളാ സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ. അരുൺരംഗൻ , മുൻ സെക്രട്ടറി, ആലപ്പുഴ മുനിസിപ്പാലിറ്റി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ